**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2046

18-07-2016 - ൽ മറുപടിയ്ക്ക്

## തീരദേശ ഹൈവേയുടെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ. എം. നൗഷാദ്<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. വി. ജോയി | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് തീരദേശ ഹൈവേയുടെ വികസനത്തെക്കുറിച്ചും നിലവിൽ നടന്ന നിർമ്മാണ പ്രവൃത്തിയിലെ അപാകതകൾ സംബന്ധിച്ചും പ്രത്യേകം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) പരിശോധിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗത്തിന്റെ കീഴിലുള്ള ആലപ്പുഴ റോഡ്സ് ഡിവിഷനു കീഴിൽ വരുന്ന തീരദേശ ഹൈവേയുടെ ഭാഗമായി വരുന്ന തൃക്കുന്നപ്പുഴ വലിയഴീക്കൽ റോഡിൽ 40 എം.എം. ബി.എം. വർക്ക് ചെയ്ത ഭാഗത്ത് കടൽ ഭിത്തിയുടെ അഭാവം മൂലം കടൽ കയറിയത് കൊണ്ട് ആറാട്ടുപുഴ ബസ് സ്റ്റാൻഡിന് സമീപം (ചെയിനേജ് 5/630 മുതൽ 6/230 വരെ) റോഡിന് കേടുപാടുകൾ സംഭവിച്ചത് പരിഹരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) നിർമ്മാണം നടന്ന പല സ്ഥലങ്ങളിലും അലൈൻമെന്റിൽ നിന്നും വ്യതിചലിച്ചതായും അനുവദനീയമായ വീതിയിൽ കുറവാണെന്നുമുള്ള പരാതി പരിശോധിക്കാമോ; | (ബി) പരാതികൾ വരുന്നത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) തീരദേശത്തിന്റെ വികസനവും തീരദേശ ജനതയുടെ പുരോഗതിയും മാത്രമല്ല സമാന്തര റോഡുകളിലെ തിരക്ക് കുറയ്ക്കാനും, തീരദേശ ഹൈവേ പ്രയോജനപ്രദമാകും എന്നത് കണക്കിലെടുത്ത് ഈ പാതയുടെ നിർമ്മാണം വേഗം പൂർത്തീകരിക്കാൻ നടപടിയെടുക്കാമോ എന്ന് വ്യക്തമാക്കാമോ? | (സി) അമ്പലപ്പുഴ — ആലപ്പുഴ - ചേർത്തല — അരൂർ മണ്ഡലങ്ങളിലെ ആലപ്പുഴ -അർത്തുങ്കൽ - ചെല്ലാനം തീരദേശ ഹൈവേയ്ക്കായുള്ള പുതുക്കിയ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകുന്ന വിഷയം പരിശോധിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ